**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3018 22-06-2012 - ലെ മറുപടിയ്ക്ക്**

**കൊപ്രയ്ക്ക് താങ്ങുവില**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. ചന്ദ്രൻ | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്ര സർക്കാർ നൽകിയ അറിയിപ്പിൽ 2012 സംഭരണ സീസൺ എന്ന് അവസാനിക്കും; | (എ) | കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്ര സർക്കാർ നൽകിയ അറിയിപ്പിൽ 2012 സംഭരണ സീസൺ എന്നത്, 2012 വർഷത്തേക്ക് ഉദ്ദേശിച്ചിട്ടുള്ളതാണ്. |
| (ബി) | സംസ്ഥാന സർക്കാർ നാഫെഡിന്റെ സംസ്ഥാനത്തെ കൊപ്ര സംഭരണ ഏജൻസികളെ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതെന്ന്; | (ബി) | 03-02-12 ലെ സർക്കാർ ഉത്തരവ് നം. ജി.ഒ.(എം.എസ്)22/2012/എ.ഡി. പ്രകാരമാണ് സംസ്ഥാന സർക്കാർ നാഫെഡിന്റെ സംസ്ഥാനത്തെ, കൊപ്ര സംഭരണ ഏജൻസികളായി കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയും തെരഞ്ഞെടുത്തത്. |
| (സി) | പ്രസ്തുത സംഭരണ ഏജൻസികൾ എന്ന് മുതലാണ് കൊപ്രാ സംഭരണം ആരംഭിച്ചത് എന്നറിയിക്കുമോ; | (സി) | മാർക്കറ്റ് ഫെഡ് 30-03-12 മുതലും കേരഫെഡ് 19-03-12 മുതലുമാണ് സംഭരണം ആരംഭിച്ചത്. |
| (ഡി) | കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാർ നടപടികൾ ആരംഭിക്കുന്നതിന് താമസം നേരിട്ടിട്ടുണ്ടെന്ന് കരുതുന്നുണ്ടോ? | (ഡി) | സംസ്ഥാന സർക്കാർ നടപടികൾ ആരംഭിക്കുന്നതിന് താമസം നേരിട്ടിട്ടില്ല. എന്നാൽ സംഭരണത്തിൽ ഏർപ്പെട്ടിട്ടുള്ള സംഘങ്ങൾ നേരിട്ട ചില പ്രശ്നങ്ങൾ കാരണം കൊപ്ര സംഭരണം വൈകുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ ഉചിതമായ ഇടപെടൽ കാരണം ഇപ്പോൾ കൊപ്ര സംഭരണം നല്ല രീതിയിൽ നടക്കുന്നു. |

**സെക്ഷൻ ഓഫീസർ**